# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി3/47/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി3/47/2023 തീയ്യതി: 29/03/2023

## കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-05-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ - ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ഷഹീൻ.പി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ആൽബർട്ട് ജോസ് - സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ധന്യ.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബി.ഷംസുദ്ദീൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ്ബാബു.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ദീപ.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അഭിലാഷ്.ടി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.സത്യജൻ.ടി.പി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2021 | 05-01-2022 |
| ഡോ.വിവേക് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 06-01-2022 | 31-03-2022 |
| ഡോ.അമ്പിളി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ജ്യോതിഷ്ബാബു.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 03-10-2021 |
| ശ്രീ.സുമേഷ്.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 04-10-2021 | 31-03-2022 |
| ശ്രീ.കെ.രാജൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 27-01-2022 |
| ശ്രീ.എം.ടി.സുനിൽ കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 28-01-2022 | 06-02-2022 |
| ശ്രീ.ബിജു.പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 07-02-2022 | 02-03-2022 |
| ശ്രീ.എം.ടി.സുനിൽ കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 03-03-2022 | 04-03-2022 |
| ശ്രീ.അജയകുമാർ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 05-03-2022 | 31-03-2022 |
| ശ്രീമതി.പ്രീത.പി.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 10-08-2021 |
| ഒഴിവ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 11-08-2021 | 07-09-2021 |
| ശ്രീ.ഷാജി.സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 08-09-2021 | 31-03-2022 |
| ശ്രീമതി.ഹൻസ ലയോള | വി ഇ ഒ ( പടിയൂർ സെക്ഷൻ) | 01-04-2021 | 05-11-2021 |

| | | | |
|---|---|---|---|
| ശ്രീ.ഷൈൻലാൽ.സി.എൻ | വി ഇ ഒ ( പടിയൂർ സെക്ഷൻ) | 06-11-2021 | 31-03-2022 |
| ശ്രീമതി തസ്നീം.ടി.പി | വി ഇ ഒ ( കല്ല്യാട് സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ടിങ്കിൾ മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 21-05-2021 |
| ശ്രീ.സിനാജുദ്ദീൻ.പി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-05-2021 | 27-07-2021 |
| ശ്രീ.മനോജ് കുമാർ.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-07-2021 | 16-09-2021 |
| ശ്രീമതി.റിൻഷ.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാര്‍ഷിക ധനകാര്യ പത്രിക അപാകങ്ങള്‍ | 1-2-1 |
| 4 | തിരിച്ചു കിട്ടിയ തുകകള്‍ അതാത് ഫണ്ടില്‍ ഒടുക്കുന്നതില്‍ കാലതാമസം | 1-2-2 |
| 5 | അധികമായി ഒടുക്കിയ തുക തിരികെ ലഭിച്ചിട്ടില്ല | 1-2-3 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 11 | ക്യാഷ് ബാലന്‍സ് | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | ടെണ്ടര്‍ ഫോറം ഫീസ് കളക്ഷന്‍ സംബന്ധിച്ച അപാകങ്ങള്‍ | 1-10 |
| 14 | രശീത് പുസ്തകങ്ങള്‍ അച്ചടിച്ചത് സ്റ്റോക്കിലെടുത്തതിന്റെയും തുക വരവില്‍ എടുത്തതിന്റെയും കണക്ക് വ്യക്തമല്ല. വിശദമായ പരിശോധന ആവശ്യമാണ്. | 1-11 |
| 15 | വസ്തുനികുതി നിര്‍ണ്ണയത്തിലെ അപാകങ്ങള്‍ -60 ചതുരശ്രമീറ്ററില്‍ കൂടുതല്‍ വിസ്തീര്‍ണ്ണമുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയില്‍ നിന്നും ഒഴിവാക്കിയത് | 1-12 |
| 16 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കല്‍ - അപാകങ്ങള്‍ | 1-13 |
| 17 | സാക്ഷ്യപത്രം ഹാജരാക്കാതെ വിമുക്തഭടന്‍മാരുടെ ഭവനങ്ങള്‍ക്കുള്ള നികുതി ഇളവ് അനുവദിച്ചു | 1-14 |
| 18 | ലൈസന്‍സ് - ഭേദഗതി ചട്ടപ്രകാരമുള്ള ലൈസന്‍സ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയില്ല | 1-15 |
| 19 | സര്‍ക്കാര്‍ ഉത്തരവ് പാലിക്കാതെ ആര്‍ജിതാവധി സറണ്ടര്‍ അനുവദിച്ചത് സബന്ധിച്ച് | 1-16 |
| 20 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങള്‍ കാരണം അധികം നല്‍കിയ 1495 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-17 |
| 21 | അപകടകരമായ മരംമുറിച്ച് മാറ്റല്‍ നിയമ പ്രകാരമുള്ള നടപടികള്‍ സ്വീകരിക്കാത്തത് - ₹2,000 നിരാകരിക്കുന്നു | 1-18 |
| 22 | വാഹനം വാടകക്ക് എടുത്തത് സര്‍ക്കാര്‍ നിര്‍ദ്ദേശിച്ച പരിധി പാലിച്ചിട്ടില്ല. | 1-19 |
| 23 | മഴക്കാല പൂര്‍വ്വ ശുചീകരണം ശുചിത്വ മിഷനില്‍ നിന്ന് ലഭിച്ച 1,50,000 | 1-20 |

| | | |
|---|---|---|
| | രൂപ വിനിയോഗിച്ചിട്ടില്ല. | |
| 24 | ഐ കെ എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-21 |
| 25 | കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ ഡെപ്പോസിറ്റ് നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് | 1-22 |
| 26 | കമ്പ്യൂട്ടർ അറ്റകുറ്റപണി,സർവ്വർ, ഹൈമാസ്റ്റ് ലൈറ്റുകൾക്ക് A M C വെക്കൽ -തുക മുൻകൂറായി നൽകി | 1-23 |
| 27 | തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക് മാർക്ക് ഹോണറേറിയം 1,26,615 രൂപ തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-24 |
| 28 | സാക്ഷരത -തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 29 | ടേക്ക് എ ബ്രേയ്ക്ക് - പൊതു ശൗചാലയം നിർമ്മാണം 11,93,029 രൂപ ചെലവഴിച്ചിട്ടും ലക്ഷ്യം നേടിയില്ല. | 1-26 |
| 30 | ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ-GST -T D S ഈടാക്കിയിട്ടില്ല | 1-27 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-28 |
| 32 | ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ അപാകങ്ങൾ | 1-29 |
| 33 | ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ അപാകങ്ങൾ | 1-30 |
| 34 | സാന്ത്വനപരിചരണം ₹71,900യുടെ മരുന്ന് ലഭ്യമായില്ല | 1-31 |
| 35 | എസ് റ്റി ബദൽ സ്കൂളിന് ഫർണിച്ചർ വാങ്ങൽ പദ്ധതി അപാകങ്ങൾ- | 1-32 |
| 36 | പട്ടിക ജാതി / വർഗ്ഗ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം – അപാകങ്ങൾ.₹ 80,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 37 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ലാപ് ടോപ്പ് വാങ്ങി നൽകൽ അപാകങ്ങൾ- ₹1,12,660യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-34 |
| 38 | മഞ്ചേരി എസ് ടി കോളനി കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ അപാകങ്ങൾ | 1-35 |
| 39 | ചടച്ചിക്കണ്ടം കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ കാരണം അധികം നൽകിയ 1495 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-1 |

| | | |
|---|---|---|
| 2 | അപകടകരമായ മരംമുറിച്ച് മാറ്റൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് - ₹2,000 നിരാകരിക്കുന്നു | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 22.2.2021 1/41 നമ്പർ തീരുമാന പ്രകാരം ബജറ്റും 14.2.2022 ലെ 23 /22 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,02,09,836.00 | 1,02,09,836.00 |
| വരവ് | 29,14,53,000.00 | 29,14,53,000.00 |
| ആകെ | 30,16,62,836.00 | 30,16,62,836.00 |
| ചെലവ് | 29,41,29,000.00 | 29,37,29,000.00 |
| നീക്കിയിരിപ്പ് | 75,33,836.00 | 79,33,836.00 |

## 1-2 വാർഷീക ധനകാര്യ പത്രിക

പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിന്റെ 26.04.2022ലെ 74 /2022നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷീക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 24.05.2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1-സാക്ഷരത ഫണ്ടിൽ 31.3.21ന് ലഭിച്ച പലിശ 80 രൂപ ഉൾപ്പെടുത്താത്തതിനാൽ മുന്നിരിപ്പിൽ 80 രൂപ വ്യത്യാസമുണ്ട്.

2-RP—18, I-14(c) Projects Not Included In Sector Division -എന്നീ ഷെഡ്യൂളിലാണ് കുടിവെള്ള (SCP) പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളത്

3- കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

4- B4-ഷെഡ്യൂളിൽ സംയുക്ത പ്രോജക്ടിനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ ₹5,48,085യും , B-17 ലും RP-40(b)ലും ₹392096യും ആണ്.

5-ബി 9 ഷെഡ്യൂളിലെ സ്റ്റെയിൽ ചെക്കിൽ 3വർഷം മുൻപേയുള്ള 2924മൂല്യമുള്ള 7 ചെക്കുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല

6-2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം50പൈസക്ക് മുകളിലുള്ള തുക പൂർണ്ണസംഖ്യയിലേയ്ക്ക് മാറ്റിയിട്ടില്ല (ബാലൻസ് ഷീറ്റ്)

7-വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62f )

8-2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

9 - ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-2-2 തിരിച്ച് കിട്ടിയ തുകകൾ അതാത് ഫണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം

1- B4-ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ ₹64,167 ക്രമീകരിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല

2- B4-ഷെഡ്യൂളിൽ സംയുക്ത പ്രോജക്ടിനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ ₹ 5,48,085(4,63,763ബ്ലോക്ക് പഞ്ചായത്ത് വിഹിതം +84,322 ജില്ലാ പഞ്ചായത്ത് വിഹിതം ) ക്രമീകരിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല

3-മുൻ വർഷങ്ങളിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി വന്ന ,ബി 9 ഷെഡ്യൂളിലെ ₹ 16,60,215 അതാത് ഫണ്ടിലേയ്ക്ക് തിരിച്ചടക്കാതെ ബാധ്യതയായി രേഖപ്പെടുത്തിയിരിയ്ക്കുന്നു

## 1-2-3 അധികമായി ഒടുക്കിയ തുക തിരികെ ലഭിച്ചിട്ടില്ല

മൂന്ന് വർഷം മുൻപ് C G S T ഇനത്തിൽ അധികമായി ഒടുക്കിയ B-15 ലെ റിസീവബിൾ ഫ്രം ഗവൺമെന്റ് അതേഴ്സ് -32474 തിരികെ ലഭിച്ചിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,95,47,625.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,74,40,594.00 |
| ആകെ | 9,69,88,219.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,43,04,531.00 |
| നീക്കിയിരിപ്പ് | 2,26,83,688.00 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,495 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,92,660 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ് / നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 17009615 | 17009615 | 16597000 | 412615 |
| വികസന ഫണ്ട് – എസ്.സി.പി | 0 | 1314705 | 1314705 | 1211254 | 103451 |
| വികസന ഫണ്ട് – ടി.എസ്.പി | 0 | 2739860 | 2739860 | 2607000 | 132860 |
| മെയിന്റനൻസ് – റോഡിതരം | 0 | 6112800 | 6112800 | 2968814 | 3143986 |
| മെയിന്റനൻസ് - റോഡ് | 0 | 9114246 | 9114246 | 7468644 | 1645602 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 6596000* | 6596000 | 3347722 | 3248278 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 0 | 3136408* | 3136408 | 2920256 | 216152 |
| പശ്ചിമഘട്ട വികസന പദ്ധതി | 1075679 | 12,643 | 1088322 | 1088322 | 0 |
| ഐ സി ഡി എസ് | 519637 | 1006620 | 1526257 | 68,684 | 1457573 |
| ഖരമാലിന്യ നിർമാർജനം | 601244 | 0 | 601244 | 0 | 601244 |
| എം പി ഫണ്ട് | 12118 | 330 | 12448 | 0 | 12448 |
| സാക്ഷരത | 4112 | 165 | 4277 | 0 | 4277 |
| ശുചിത്വ മിഷൻ | 37,61,145 | 2,52,000 | 40,13,145 | 15,57,123 | 24,56,022 |
| ലൈഫ് | 1837429 | 15,20,000 | 33,57,429 | 28,00,000 | 5,57,429 |
| വിമുക്തി , ബയോഡൈവേഴ്സിറ്റി | 103900 | 1138283 | 12,42,183 | 35,600 | 1206583 |
| അവാർഡ് തുക | 10,00,000 | 0 | 10,00,000 | 8,21,477 | 178523 |
| ശിശു സൗഹൃദ ടോയ് ലറ്റ് | 70,000 | 0 | 70,000 | 70,000 | 0 |
| MGNREGS ഭരണചെലവ് | 2200 | 977704 | 979904 | 979175 | 729 |
| MGNREGS ഗുണഭോക്താക്കൾക്കുള്ള കൂലി | | 3,84,40,019 | 3,84,40,019 | 3,84,40,019 | |

* എ സി ആർ പ്രകാരമാണ് വരവ് എടുത്തിരിക്കുന്നത്.അതിനാൽ വർഷീക ധനകാര്യ പത്രികയിലെ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 188 | 10,49,23,919 | 154 | 5,50,66,155 | 131 | 23 | 34 | 70 |

| ക്രമനമ്പർ | നിർവ്വഹണഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ചപദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 52,71,000 | 8 | 45,15,988 | 8 | 86 |
| 2 | വെറ്ററിനറി സർജൻ | 18,15,499 | 8 | 11,85,608 | 8 | 65 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 25,26,000 | 5 | 18,84,558 | 4 | 75 |
| 4 | മെഡിക്കൽഓഫീസർ (ആയുർവേദം) | 14,73,000 | 6 | 11,51,298 | 4 | 78 |
| 5 | സെക്രട്ടറി | 86,23,518 | 33 | 70,53,966 | 29 | 82 |
| 6 | ഐസി ഡി എസ് സൂപ്പർവൈസർ | 49,13,650 | 8 | 44,36,242 | 6 | 90 |
| 7 | അസിസ്റ്റന്റ്എഞ്ചിനീയർ | 2,38,68,162 | 74 | 1,27,35,928 | 53 | 53 |
| 8 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 6,30,000 | 3 | 1,63,335 | 3 | 26 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 10,97,000 | 2 | 10,97,000 | 2 | 100 |
| 10 | വി ഇ ഒ (പടിയൂർ ) | 37,99,240 | 13 | 16,54,519 | 10 | 44 |
| 11 | വി ഇ ഒ(കല്ല്യാട്) | 4,77,45,000 | 9 | 1,63,55,137 | 8 | 34 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 31,61,850 | 19 | 28,32,576 | 19 | 90 |
| | ആകെ | 10,49,23,919 | 188 | 5,50,66,155 | 154 | 52 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ് /നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | ഭരണചെലവ് | 2200 | 977704 | 979904 | 979175 | 729 |
| | ഉണഭോക്താക്കൾക്കുള്ള കൂലി | | 3,84,40,019 | 3,84,40,019 | 3,84,40,019 | |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10320800 | 664 |
| തൊഴിൽ രഹിത വേതനം | 117960 | 78 |
| വിധവാ പെൻഷൻ | 13631600 | 882 |
| വാർധക്യകാല പെൻഷൻ | 24287600 | 1759 |
| ഭിന്നശേഷിപെൻഷൻ | 4113900 | 271 |
| അവിവാഹിത പെൻഷൻ | 733200 | 49 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023 തീയതിയിൽ 3 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10034രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ കൂടി ഓഫീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. 100% നികുതി പിരിച്ചെടുക്കുന്നതിനായി ജീവനക്കാർക്ക് പ്രതിദിന ടാർജറ്റ് നിശ്ചയിച്ച് ഉത്തരവാക്കിയിട്ടുണ്ട്. എന്നാൽ വിമുക്തഭടൻമാരുടെ വസ്തു നികുതി ഇളവിനുള്ള സാക്ഷ്യപത്രം പരിശോധിക്കാതെയാണ് ഇളവ് അനുവദിച്ചിട്ടുള്ളത്. കൂടാതെ ഡിമോളിഷ്ഡ് കെട്ടിടങ്ങളെ തൻവർഷം തന്നെ ഡിമാൻഡിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 60ചതുരശ്ര മീറ്ററിൽ കൂടുതലുള്ള ഏതാനും വാസഗൃഹങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ വാഹന ഉപയോഗത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതാണ്. (ഖ-1-19 കാണുക) ഹരിത കർമ്മസേന, ടെണ്ടർ ഫോറം രശീതി പുസ്തകങ്ങളുടെ പരിപാലനത്തിലും അപാകങ്ങൾ കാണപ്പെട്ടിട്ടുണ്ട് .

## 1-10 ടെണ്ടർ ഫോറം ഫീസ് കളക്ഷൻ സംബന്ധിച്ച അപാകങ്ങൾ

1. അസിസ്റ്റന്റ് എഞ്ചിനീയർക്ക് 66145,66161 എന്നീ രസീറ്റ് ബുക്കുകൾ 8.9.2021, 2.12.2021 തീയതിയിൽ ടെണ്ടർ ഫോറം തുക കളക്ട് ചെയ്യുന്നതിനായി നൽകിയിട്ടുണ്ട് . എന്നാൽ തുക ഈടാക്കിയത് രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല . കേരള ഫിനാൻഷ്യൽ കോഡ് സെക്ഷൻ 10പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കളക്ഷൻ തുക രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത ഉറപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ ഇപ്രകാരം ചെയ്തിട്ടില്ല

2. 03.02.2022 തീയതിയിലെ കളക്ഷൻ തുക (ബുക്ക് നമ്പർ 66161 രസീറ്റ് നമ്പർ 18മുതൽ 37വരെ ) 12096 രൂപയാണ്. എന്നാൽ ഒടുക്കിയത് 11536 രൂപ മാത്രമാണ്. 560 രൂപ കളക്ഷനേക്കാൾ കുറവായാണ് ഒടുക്കിയിട്ടുള്ളത്.

3. റസീറ്റ് ബുക്ക് നമ്പർ 66161 ലെ രസീറ്റ് നമ്പർ 38 മുതൽ 61 വരെയുള്ള കളക്ഷൻ തുക (രസീറ്റിൽ കളക്ഷൻ തീയതി രേഖപ്പെടുത്തിയിട്ടില്ല) 13977 രൂപയാണ്. തുക പഞ്ചായത്തിൽ ഒടുക്കിയത് 24.12.2022 നാണ്. ഒടുക്കിയ തുക 14063 രൂപയാണ്. 86 രൂപ കളക്ഷനേക്കാൾ അധികം ഒടുക്കിയിട്ടുണ്ട്.

ഇപ്രകാരം കളക്ഷൻ തുകയും ഒടുക്കിയ തുകയും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണവും കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെ കാരണവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/13.01.2023) ന് മറുപടിയായി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻശ്രദ്ധിക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുകയായ ₹ 560 പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രശീതിയും ഹാജരാക്കിയിട്ടുണ്ട്. പരാമർശം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു

## 1-11 രശീത് പുസ്തകങ്ങൾ അച്ചടിച്ചത് സ്റ്റോക്കിലെടുത്തതിന്റെയും തുക വരവിൽ എടുത്തതിന്റെയും കണക്ക് വ്യക്തമല്ല. വിശദമായ പരിശോധന ആവശ്യമാണ്.

1-വൗച്ചർ നമ്പർ തുക തീയതി - 22100268/02-07-2021 ₹3,900 -ഹരിത കർമ്മസേന യൂസർഫീ ഈടാക്കുന്നതിനായി രശീതി പ്രിന്റ് ചെയ്ത ഇനത്തിലുള്ള തുക

2-വൗച്ചർ നമ്പർ തുക തീയതി - 22101048/14-02-2022 ₹21,419- ഊരത്തൂർ പൊതുശ്മശാനം പരിപാലന കമ്മിറ്റിക്ക് വേണ്ടി യൂസർഫീ ഈടാക്കുന്നതിനായി രശീതി പ്രിന്റ് ചെയ്ത ഇനത്തിലുള്ള തുക

1- ഹരിതകർമ്മസേന യൂസർഫീ

ഹരിതകർമ്മസേന യൂസർ ഫീ ഈടാക്കുന്നതിന് 100 രശീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന് ബ്രദേഴ്സ് ഓഫ് സെറ്റ് പ്രിന്റേഴ്സ് ഇരിക്കൂറിന് തുക അനുവദിച്ചിട്ടുണ്ട്. രശീത് പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും പ്രസ്തുത രശീത് ബുക്കുകൾ വിതരണം ചെയ്തതിന്റെയും, രശീത് ബുക്ക് ഉപയോഗിച്ച് ഈടാക്കിയ തുകയുടെയും വിശദവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/11-01-2023 ) 8 രശീത് പുസ്തകങ്ങൾ ഒഴികെ ഉള്ളവ (ക്രമനമ്പർ 5, 7, 14, 15,16,17,27,32 ) പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയവ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- രശീത് ബുക്കുകൾ മുഴുവനായി സ്റ്റോക്കിൽ എടുത്തിട്ടില്ല.

2- സ്റ്റോക്കിൽ എടുത്ത് ഹരിതകർമ്മസേനാംഗങ്ങൾക്ക് വിതരണം ചെയ്തതിന്റെ കൃത്യമായ രേഖകൾ ഇല്ല.

3- ഹരിത കർമ്മ സേനാംഗങ്ങൾ ഈടാക്കിയ തുക കലക്ഷൻ രജിസ്റ്ററിൽ ചേർത്തതിന്റെയും, ആയത് തൊട്ടടുത്ത ദിവസം ബാങ്കിൽ ഒടുക്കിയതിന്റെയും കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

4- രശീത് ബുക്കുകൾ വാങ്ങുന്നതിന് തുക സെക്രട്ടറിയാണ് നൽകിയത്. എന്നാൽ വാങ്ങിയ രശീതുകൾ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയതായി രേഖകൾ ഇല്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം രശീത് ബുക്കുകൾ പഞ്ചായത്തിൽ ലഭിച്ചയുടനെ എണ്ണുകയും, നമ്പർ ഇടുകയും സ്റ്റോക്കിൽ എടുക്കുകയും ചെയ്യേണ്ടതാണ്. രശീത് പുസ്തകങ്ങൾ ഇഷ്യൂ ചെയ്യുന്നത് നമ്പർ ക്രമത്തിലായിരിക്കണം. ഫോറങ്ങൾക്കുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രശീത് ലഭിച്ച ഉദ്യോഗസ്ഥൻ ഒപ്പിടുകയും ചെയ്യേണ്ടതാണ്. കെ.എഫ്.സി വാല്യം1 ആർട്ടിക്കിൾ 10 പ്രകാരം കൗണ്ടർ രേഖപ്പെടുത്തലുകൾ അസ്സൽ കലക്ഷൻ രജിസ്റ്ററുമായി ഒത്തുനോക്കേണ്ടതാണ്. കലക്ഷൻ രജിസ്റ്ററിലെ ആകെ തുകയും ഒടുക്കിയ തുകയും ഒന്നുതന്നെയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ യൂസർഫീ ഈടാക്കിയത് കാരണം ഈടാക്കിയ മുഴുവൻ തുകയും പഞ്ചായത്തിൽ വരവ് വന്നതായി ഉറപ്പിക്കുന്നതിന് സാധിച്ചിട്ടില്ല.

2- ഊരത്തൂർ പൊതുശ്മശാനം പരിപാലന കമ്മിറ്റിക്ക് വേണ്ടി യൂസർഫീ

ഊരത്തൂർ പൊതുശ്മശാനം പരിപാലന കമ്മിറ്റിക്ക് വേണ്ടി യൂസർഫീ ശേഖരിക്കുന്നതിനുള്ള 50x20 രശീത് ബുക്ക് പ്രിന്റ് ചെയ്തതിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു.

1- രശീത് ബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

2- രശീത് ബുക്കുകൾ ആരുടെ കൈവശമാണ് സൂക്ഷിച്ചതെന്ന് വ്യക്തമല്ല.

3- രശീത് ഉപയോഗിച്ച് തുക ഈടാക്കിയിട്ടുണ്ടോയെന്നും ആയത് പഞ്ചായത്തിൽ വരവ് വന്നിട്ടുണ്ടോയെന്നും വ്യക്തമല്ല.

4- ഗ്രാമപഞ്ചായത്തിന്റെ 30-10-2020 ലെ 2/1 നമ്പർ തീരുമാന പ്രകാരം ശ്മശാന പരിപാലനത്തിനും മൃതദേഹം സംസ്കരിക്കുന്നതിനും ആളെ നിയമിക്കുന്നതിനും, ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് 2000 രൂപ യൂസർഫീ ഈടാക്കുന്നതിനും, ആയത് സംബന്ധിച്ച് ബൈലോ തയ്യാറാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

മുഴുവൻ രശീത് ബുക്കുകളും സ്റ്റോക്കിലെടുത്ത്, കലക്ഷൻ രജിസ്റ്ററിൽ ചേർത്ത് തുക ഒടുക്കിയ വിശദവിവരങ്ങൾ ചേർത്ത് യൂസർഫീ ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ഊരത്തൂർ പൊതുശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ എത്രയും പെട്ടെന്ന് തയ്യാറാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ -60 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ |
|---|---|---|---|
| 1 | 3/56 | വെള്ളുവ സരോജിനി അമ്മ | 61 |
| 2 | 4/345 | കൊളപ്പ ജാനകി | 61 |
| 3 | 6/127 | കുഞ്ഞിവളപ്പിൽ നാരായണൻ | 61 |
| 5 | 6/160 | എണ്ണക്കുടം പൂവ്വത്തിങ്കൽ പത്രോസ് | 61 |
| 6 | 10/67 | മീനോത്ത് ഗോവിന്ദൻ | 61 |
| 7 | 14/296 | രമണി | 61 |
| 8 | 6/39 | കിണ്ട്യൻ മുകുന്ദൻ | 62 |
| 9 | 6/262 | കമലാക്ഷി പുതിയപുരയിൽ | 62 |
| 10 | 6/330 | പുതിയപുരയിൽ കുഞ്ഞപ്പ | 62 |
| 11 | 8/377 | തൈപ്പറമ്പിൽ പ്രഭാകരൻ | 62 |
| 12 | 2/21 | കെ വി കല്യാണി | 63 |
| 13 | 7/334 | കുനിയത്ത് ബബിന കെ ബി | 64 |
| 14 | 12/288 | ഞാലിൽ കരുണാകരൻ | 64 |
| 15 | 3/114 | കണ്ണംകുന്നേൽ ജോൺ | 65 |
| 16 | 5/225 | പി കെ ചന്ദ്രൻ | 65 |
| 17 | 7/356 | കോട്ടി നാണു | 65 |
| 18 | 9/278 | കരിനാട്ട് ശിവൻ | 65 |
| 19 | 13/30 | നിട്ടൂർ പോക്കർ | 65 |
| 20 | 8/218 | പെരുന്നേപറമ്പിൽ സിന്ധു | 66 |
| 21 | 5/55 | തറപ്പേൽ മറിയം | 68 |
| 22 | 5/8 | മഞ്ഞക്കാലായിൽ ജോസ് | 70 |
| 23 | 5/45 | തടിക്കൽ കരുണാകരൻ | 70 |
| 24 | 8/159 | ചീരങ്ങോട് നാരായണൻ | 70 |
| 25 | 8/381 | കലിഞ്ഞാലിൽ | 70 |

| | | | |
|---|---|---|---|
| | | ശ്രീധരൻ | |
| 26 | 13/244 | മാരോൻ ഫാത്തിമ | 70 |
| 27 | 8/310 | പരയ്ക്കാട്ട് അന്നമ്മ | 71 |
| 28 | 14/392 | പരക്കോത്ത് വളപ്പിൽ കുഞ്ഞിരാമൻ | 71 |
| 29 | 8/59 | എടക്കാട്ട് വേലിൽ ചാക്കോ | 72 |
| 30 | 8/192 | വയലമ്പ്രോൻ ശാരദ | 72 |
| 31 | 9/279 | കരിനാട്ട് കൃഷ്ണൻ | 72 |
| 32 | 11/46 | മുണ്ടയാടൻ തമ്പായി അമ്മ | 72 |
| 33 | 3/128 | മൂരിക്കുന്നേൽ ജോൺ | 73 |
| 34 | 3/105 | നിരപ്പേൽ തോമസ് | 74 |
| 35 | 3/131 | പാടത്ത് ഇട്ടുണ്ടൻ | 74 |
| 36 | 7/132 | കുളത്തിങ്കൽ ജോഷി,കാവിൽ പുരയിടത്തിൽ വിജി ജോഷി | 75 |
| 37 | 11/304 | ഫാത്തിബി പി | 75 |
| 38 | 13/303 | കെ പി കമാൽ | 75 |
| 39 | 5/77 | പി കെ ശശി തടിക്കൽ | 77 |
| 40 | 12/127 | വെള്ളുവ പറമ്പിൽ അലി | 77 |
| 41 | 3/143 | പള്ളിത്താഴത്ത് ജോസ് | 78 |
| 42 | 13/368 | മിനിക്കൻ കുൽസുമ്മ | 78 |
| 43 | 5/182 | വള്ളിക്കുന്നേൽ ബാലകൃഷ്ണൻ | 79 |
| 44 | 8/144 | പുത്തൻവളപ്പിൽ യശോദ | 84 |
| 45 | 11/16 | ഓർക്കാട്ടേരി ഗോപാലൻ നമ്പ്യാർ | 84 |
| 46 | 5/47 | ഒറ്റപ്ലാക്കൽ ദേവസ്യ | 85 |
| 47 | 5/54 | മാവില കാർത്ത്യാനി | 86 |
| 48 | 9/263 | കുറ്റ്യാടൻ പത്മിനി | 86 |
| 49 | 9/60 | കെ ടി തോമസ് | 115 |
| 50 | 14/122 | മാണിക്കോത്ത് സുശീല അമ്മ | 115 |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിന്റെ (പൂജ്യമായി നിർണ്ണയിച്ചതിന്റെ) കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(3/11.01.2023) മറുപടിയായി അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ചുമത്തിയിട്ടില്ലാത്ത കെട്ടിടങ്ങളാണ് ഇവയെന്നും സഞ്ചയ സോഫ്റ്റ് വെയറിൽ ബേസ് ഡാറ്റയിൽ നിലവിലെ നികുതി 0 ആയി രേഖപ്പെടുത്തിയതും ഘടനാപരമായി മാറ്റം സംഭവിച്ച കെട്ടിടങ്ങളിൽ ഉൾപ്പെടാത്തവയായതിനാലുമാണ് നികുതി പൂജ്യമായതെന്നും സ്ഥലപരിശോധന നടത്തി നികുതി നിർണ്ണയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2. വിമുക്തഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കി നൽകിയതിലെ അപാകങ്ങൾ

താഴെ പറയുന്ന വിമുക്തഭടൻമാരുടെ വാസഗൃഹങ്ങൾക്ക് നികുതി നിർണ്ണയം നടത്താതെ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ |
|---|---|---|---|
| 1 | 14/100 | പി.സി.രാമകൃഷ്ണൻ | 77 |
| 2 | 8/31 | കരിയിൽ ബാലൻ | 85 |
| 3 | 12/24 | ടി എം രാമകൃഷ്ണൻ നമ്പൂതിരി | 90 |
| 4 | 14/98 | പിള്ളയാടി നാരായണൻ നായർ | 96 |
| 5 | 7/145 | 1.അനസൂയ,<br>2.സൂരജ് കുമാർ കെ എസ്,<br>3.സുജിത്ത് കുമാർ കെ എസ്,<br>4.അപർണ്ണ സുരേന്ദ്രൻ | 98 |

കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തി സാക്ഷ്യപത്രം ഹാജരാക്കുന്നതിനനുസരിച്ച് ഓരോ സാമ്പത്തികവർഷവും നികുതി ഒഴിവാക്കിനൽകുന്നതിന് പകരം നികുതി നിർണ്ണയം നടത്താതെ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/11.01.2023) മറുപടിയായി സ്ഥലപരിശോധന നടത്തി നികുതി നിർണ്ണയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. വസ്തുനികുതി ഒഴിവാക്കിയതിന് കാരണം വ്യക്തമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 ൽ വസ്തുനികുതി ഒഴിവാക്കാവുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ (എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകളിലെ നികുതി ഇളവിന് അർഹതയുള്ള ഗണത്തിൽപ്പെടാത്ത താഴെപറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി/ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളായി രേഖപ്പെടുത്തി നികുതി ഒഴിവാക്കി നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം ച.മീ |
|---|---|---|---|---|
| 1 | 5/286 | മുന്നോടിയിൽ സുകുമാരൻ | പാർപ്പിടം | 84 |
| 2 | 5/288 | മലയിൽ ശശി | പാർപ്പിടം | 85 |
| 3 | 5/297 | വി കെ ഗോപാലൻ | പാർപ്പിടം | 100 |
| 4 | 5/296 | അഴകംപറമ്പിൽ അന്നമ്മ ഫ്രാൻസിസ് | പാർപ്പിടം | 103 |
| 5 | 5/309 | കുടക്കാട്ട് മത്തായി | പാർപ്പിടം | 118 |

സ്ഥലപരിശോധന നടത്തി മേൽ കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള നികുതി നിർണ്ണയിക്കുന്നതിനുവേണ്ട നടപടി

സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 (3) പ്രകാരം ഒരു കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തെ നികുതി ഒടുക്കുവാൻ കെട്ടിടഉടമസ്ഥൻ ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം വസ്തുനികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ 2021-22 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും, സഞ്ചയയിൽ 2021-22 വർഷം തന്നെ ഡിമോളിഷ്ഡ് ആയി രേഖപ്പെടുത്തി നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷാതീയതി | റിമാർക്സ് |
|---|---|---|---|
| 1/204 | ഏലിയാമ്മ | 07.12.2021 | 2021-22 വർഷ നികുതി ഒടുക്കിയിട്ടുണ്ട് |
| 3/199 | കെ.എൽ മാത്യു | 28.01.2022 | 2021-22 വർഷ നികുതി ഒടുക്കിയിട്ടുണ്ട് |
| 2/122 | ബിജേഷ് ആർ പി | 27.11.2021 | 2021-22 വർഷ നികുതി ഒടുക്കിയിട്ടുണ്ട് |
| 2/171 | കാർത്ത്യായനി കെ | 15.09.2021 | 2021-22 വർഷ നികുതി ഒടുക്കിയിട്ടുണ്ട് |

2021-22 ൽ തന്നെ പൊളിച്ചുകളഞ്ഞ കെട്ടിടമായി രേഖപ്പെടുത്തിയതിനാൽ, ആ വർഷത്തെ നികുതി ഡിമാന്റ് ഇല്ലാതാവുകയും കളക്ട് ചെയ്ത തുക സഞ്ചയ പ്രകാരം അധികമായി ഈടാക്കിയ നികുതിയായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം മുതൽ നികുതി ഒഴിവാക്കുന്നതിന് പകരം കെട്ടിടങ്ങൾക്ക് 2021-22 വർഷം മുതൽ തന്നെ നികുതി ഡിമാന്റ് ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (2/11.01.2023) മറുപടിയായി ഡാറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം ലഭിക്കുന്ന മുറയ്ക്ക് സഞ്ചയയിൽ മാറ്റം വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 സാക്ഷ്യപത്രം ഹാജരാക്കാതെ വിമുക്തഭടൻമാരുടെ ഭവനങ്ങൾക്കുള്ള നികുതി ഇളവ് അനുവദിച്ചു

സ ഉ(കൈ)നം. 106/2017/ തസ്വഭവ തീയതി 26.05.2017 ഉത്തരവിലെ ക്രമ നമ്പർ 2 പ്രകാരം വിമുക്തഭടൻമാരുടെ 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ക്രമ നമ്പർ 3 പ്രകാരം നികുതി ഇളവ് ലഭ്യമാകുന്നതിനായി നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി തദ്ദേശ സ്വയംഭരണമേധാവിക്ക് നൽകേണ്ടതാണ്. ഓഡിറ്റ് വർഷം സാക്ഷ്യപത്രം ഹാജരാക്കാതെ താഴെപറയുന്ന കെട്ടിടഉടമകൾക്ക് നികുതി ഇളവ് അനുവദിച്ചുണ്ട്

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 3 /222 | കോളരിക്കൻ ജോർജ് ജോസഫ് |
| 2 | 4/35 A | കുറ്റ്യാടൻ അശോകൻ |
| 3 | 4/215 | കാപ്പാടൻ മധുസൂദനൻ |

| | | |
|---|---|---|
| 4 | 6/34 | സുകുമാരൻ |
| 5 | 10/405 | ഇ കെ കൃഷ്ണൻ |
| 6 | 11 /279 | ശശികല |
| 7 | 12 /54 | ചാത്തോത്ത് കേശവ മാരാർ |
| 8 | 12 /87 | ചവനപ്പുഴ വീട്ടിൽ പത്മനാഭൻ |
| 9 | 12 /383 | പള്ളിക്കര കുറ്റ്യാടൻ വിജയകുമാരി |
| 10 | 13 /83 | പ്രഭാകരൻ |
| 11 | 14/ 5 A | ലതീഷ് കുമാർ |
| 12 | 14 /256 | സി പി പത്മിനി |
| 13 | 14 /477 | വെള്ളുവ രമേശൻ |
| 14 | 15 /178 | കുന്നാരത്ത് ബാലകൃഷ്ണൻ |

സാക്ഷ്യപത്രം ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(1/11.1.2023) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സാക്ഷ്യപത്രം ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി അനർഹരായവർക്ക് നികുതി ഇളവ് അനുവദിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അനർഹമായി നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15 ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയില്ല

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ,മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. മേൽ ചട്ടപ്രകാരം പഞ്ചായത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(5/12.01.2023) രേഖകൾ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ചട്ടത്തിൽ ഓരോ എന്റർപ്രൈസുകൾക്കും ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസാണ് പ്രതിപാദിച്ചിട്ടുള്ളത്. ആയത് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് യഥാക്രമം 500,1000,5000,10000,15000 എന്നിങ്ങനെയാണ്. പഞ്ചായത്തിൽ ഈടാക്കുന്ന കുറഞ്ഞ ലൈസൻസ് ഫീസ് 500 രൂപയാണ്. ഏതാനും ചില സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസായി 2000 രൂപ ഈടാക്കിയിട്ടുണ്ട്. ഈപ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല. മറ്റു സ്ഥാപനങ്ങളിൽ നിന്നും 500,1000,5000,10000 എന്നീ നിരക്കുകളിലാണ് ലൈസൻസ് ഈടാക്കിയിട്ടുള്ളത്. മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ മിക്ക അപേക്ഷകളിലും ഇല്ല. ആയതിനാൽ തന്നെ ആ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ലൈസൻസ് ഫീസ് വരവിനത്തിലുള്ള മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചത് സബന്ധിച്ച്

5.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീ.രാജൻ കെ, അസിസ്റ്റന്റ് സെക്രട്ടറി | 22100150/02-06-2021 | 59829 |
| 2 | ശ്രീ .സുബാഷ് എം ജി. ജൂനിയർ സൂപ്രണ്ട് | 22100150/02-06-2021 | 59829 |
| 3 | ശ്രീ. സുനിൽ കുമാർ എം ജി .അക്കൗണ്ടന്റ് | 22100150/02-06-2021 | 54390 |
| 4 | ശ്രീ സുരേഷ് കെ കെ, സീനിയർ ക്ലർക്ക് | 22100150/02-06-2021 | 49395 |
| 5 | ശ്രീ. വിനോദൻ കാരക്കാട്ട് , ക്ലർക്ക് | 22100150/02-06-2021 | 40515 |
| 6 | ശ്രീ.ശശി. കെ, ക്ലാർക്ക് | 22100150/02-06-2021 | 37518 |
| 7 | ശ്രീ.ഉണ്ണികൃഷ്ണൻ വിലങ്ങേരി ക്ലർക്ക് | 22100150/02-06-2021 | 34521 |
| 8 | ശ്രീമതി . അനുമോൾ വി ക്ലർക്ക് | 22100150/02-06-2021 | 31909 |
| 9 | ശ്രീ. സുരേഷ് ബാബു കെ. സെക്രട്ടറി | 22100175/07-06-2021 | 81696 |
| 10 | ശ്രീ.സഹീർ വി, ക്ലർക്ക് | 22100176/07-06-2021 | 31909 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021 ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/11-01-2023) 02-06-2021, 07-06-2021 തീയതികളിലാണ് സറണ്ടർ ആനുകൂല്യം അനുവദിച്ചതെന്നും പ്രസ്തുത തീയതികളിൽ ലീവ് സറണ്ടർ മരവിപ്പിക്കുകയോ, ദീർഘിപ്പിക്കുകയോ ചെയ്ത ഉത്തരവ് നിലവില്ലാത്തതിനാൽ സറണ്ടർ അനുവദിച്ച നടപടി പൂർണമായും നിയമാനുസൃതമാണെന്ന മറുപടിയാണ് സെക്രട്ടറി നൽകിയത് .ഈ കാര്യത്തിൽ സർക്കാർ തുടർന്ന് നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ കാരണം അധികം നൽകിയ 1495 രൂപ തീരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നമ്പർ തീയതി തുക 22100532/07-10-2021 ₹212983

(1) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. സുരേഷ് കെ കെ സീനിയർ ക്ലർക്കിന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ 04/2019 ൽ ആർജിതാവധി സറണ്ടർചെയ്തതിന് അർഹതയുള്ള ക്ഷാമബത്ത 23% അനുവദിക്കുന്നതിന് പകരം 28% അനുവദിച്ചത് കാരണം 1495 രൂപ അധികം നൽകിയിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| അനുവദിക്കാവുന്നത്. | | | | അനുവദിച്ചത് | | | | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| Pay | D A | HRA | Total | Pay | D A | HRA | Total | |
| 29900 | 6877 | 1250 | 38027 | 29900 | 8372 | 1250 | 39522 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 29900 | 5980 | 1250 | 37130 | 29900 | 5980 | 1250 | 37130 | |
| | | | 897 | | | | 2392 | 1495(2392-897) |

1495 രൂപ അധികം നൽകിയതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/11-01-2023)മറുപടിയായി തുക ഈടാക്കി ഒടുക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-18 അപകടകരമായ മരംമുറിച്ച് മാറ്റൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് - ₹2,000 നിരാകരിക്കുന്നു

വൗച്ചർ നമ്പർ തീയതി തുക 22100167/02-06-2021 ₹2,000

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതലുകളും വേലികളും വൃക്ഷങ്ങളും വെട്ടിയൊതുക്കലും (1)(എ) പ്രകാരം ഏതെങ്കിലും വൃക്ഷമോ, വൃക്ഷത്തിന്റെ ഏതെങ്കിലും ശാഖയോ ഭാഗമോ ഏതെങ്കിലും വൃക്ഷത്തിന്റെ കായ്കളോ വീഴാനും തൻമൂലം ഏതെങ്കിലും ആൾക്കോ, ഏതെങ്കിലും എടുപ്പിനോ കൃഷിക്കോ ആപത്തുണ്ടാകാനും ഇടയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് കരുതുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് അതിൽ നിന്ന് ഏതെങ്കിലും അപകടം ഉണ്ടാകുന്നത് തടയുന്നതിലേക്കായി നോട്ടീസ് മൂലം ആ വൃക്ഷത്തിന്റെ ഉടമസ്ഥനോട് ആ വൃക്ഷം ഉറപ്പിച്ചുനിർത്തുകയോ ഛേദിക്കുകയോ, വെട്ടിക്കളയുകയോ ചെയ്യുന്നതിന് ആവശ്യപ്പെടാവുന്നതാണ്. അപകടം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് താല്കാലിക നടപടികൾ സ്വീകരിക്കാവുന്നതും ഇപ്രകാരം ചെലവാകുന്ന തുക വൃക്ഷത്തിന്റെ ഉടമസ്ഥനിൽ നിന്ന് ഈടാക്കാവുന്നതുമാണ്. എന്നാൽ മേരി ഏട്ടിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വീടിന് ഭീഷിണി ആയ എം.വി സരസ്വതി മാവില ഹൗസ്, പടിയൂർ എന്നവരുടെ ഉടമസ്ഥതയിലെ പറമ്പിലെ മരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് 2000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് കാരണവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/11-01-2023) ചെലവ് തുക ഈടാക്കുന്നതിന് 31-05-2021 ന് ബി 3-261/21 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല. തുക ഒടുക്കാത്തതിന് യാതൊരു തുടർനടപടിയും പഞ്ചായത്തിന്റെ ഭാഗത്ത്നിന്ന് ഉണ്ടായിട്ടില്ല. ചെലവ് തുക₹2000 ബന്ധപ്പെട്ട കക്ഷിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-19 വാഹനം വാടകക്ക് എടുത്തത് സർക്കാർ നിർദ്ദേശിച്ച പരിധി പാലിച്ചിട്ടില്ല.

പഞ്ചായത്തിൽ ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ഒരു വാഹനവും (KL 59 R 4998 ) , എഞ്ചിനിയറിംഗ് വകുപ്പിൽ പ്രതിമാസ വാടകക്ക് മറ്റൊരു വാഹനവും ഉണ്ടായിരിക്കെ ദിവസ വാടകക്ക് വാഹനത്തിൽ യാത്ര ചെയ്തയിനത്തിൽ ഭീമമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നുണ്ട്. ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 22100040/22-04-2021 | 6222 |
| 2 | 22100312/27-07-2021 | 3485 |
| 3 | 22100405/27-08-2021 | 2686 |
| 4 | 22100406/27-08-2021 | 1530 |
| 5 | 22100571/25-10-2021 | 1190 |
| 6 | 22100676/30-10-2021 | 1003 |
| 7 | 22100842/16-12-2021 | 2074 |

| | | |
|---|---|---|
| 8 | 22100868/24-12-2021 | 3502 |
| 9 | 22100992/01-02-2022 | 30804 |
| 10 | 22101132/19-02-2022 | 4692 |
| 11 | 22101165/02-03-2022 | 19839 |
| 12 | 22101166/02-03-2022 | 5695 |
| 13 | 22101314/27-03-2022 | 3706 |
| ആകെ | | 86428 |

ജി.ഒ.(ആർ.ടി) 2493/2012/ത.സ്വ.ഭ.വ തീയതി 03-09-2012 പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാടകക്ക് എടുക്കുന്നതിന് ചെലവഴിക്കാവുന്ന പരമാവധി തുക 75,000 ആയി നിജപ്പെടുത്തിയിട്ടുണ്ട്. സ്വന്തമായി വാഹനം ഉണ്ടായിട്ടും പരിധികവിഞ്ഞ് തുക ചെലവഴിച്ചതിന്റെ കാരണം അറിയക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/11-01-2023) പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും വാഹന സൗകര്യമില്ലാത്ത മലയോര പ്രദേശമാണ് എന്നും കോവിഡ് വ്യാപനം, മഴക്കെടുതി എന്നിവ ഉണ്ടായപ്പോഴും വാഹനം വർക്ക്ഷോപ്പുകളിലായ സന്ദർഭങ്ങളിലുമാണ് ഔദ്യോഗിക വാഹനത്തിന് പുറമെ ടാക്സി വാഹനങ്ങൾ ഉപയോഗിച്ചുവന്നതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ.ഉ.(സാധാ)3018/2016/ത.സ്വ.ഭ.വ തീയതി 16-11-2016 പ്രകാരം സ്വന്തമായി വാഹനമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ കുറഞ്ഞ നിരക്കിൽ വാഹനം വാടകക്ക് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ അടിയന്തിര സ്വഭാവത്തോടെ വാഹനം വാടകക്ക് എടുക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിന് രണ്ട് വാഹനങ്ങൾ ലഭ്യമായിരിക്കെ അടിയന്തിര സാഹചര്യത്തിൽ മാത്രം മൂന്നാമത് ഒരു വാഹനം വാടകക്ക് എടുക്കേണ്ടതും വാഹന വാടകയിനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-20 മഴക്കാല പൂർവ്വ ശുചീകരണം ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച 1,50,000 രൂപ വിനിയോഗിച്ചിട്ടില്ല.

വൗച്ചർ നമ്പർ തീയതി തുക 22100083/12-05-2021 ₹1,50,000

വൗച്ചർ നമ്പർ തീയതി തുക 22101214/16-03-2022 ₹65,104

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ മഴക്കാല പൂർവ്വ ശുചീകരണത്തിന് വിവിധ വാർഡ് സാനിറ്റേഷൻ സമിതികൾക്ക് മുൻകൂറായി 2,15,104രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/11-01-2023)ആകെ 65,104 രൂപമാത്രമാണ് ചെലവഴിച്ചതെന്നും, 1,50,000 വിനിയോഗിക്കാൻ അവശേഷിക്കുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഇതിന് വേണ്ടി അനുവദിക്കുന്ന തുക നിശ്ചയിച്ച കലണ്ടർ പ്രകാരം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഐ കെ എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 3/22 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹70,288 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹ 70,288 |

| | |
|---|---|
| ബിൽ നമ്പർ / തീയതി | 08/09-07-2021 |

ഗ്രാമ പഞ്ചായത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ₹70,288 നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് (14/11/1/2023) നൽകിയ മറുപടി തൃപ്തികരമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-22 കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ ഡെപ്പോസിറ്റ് നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 108/22 വിവിധ ഘടക സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ | 109/22 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| അടങ്കൽ | ₹2,17,000(ധനകാര്യ കമ്മീഷൻ അവാർഡ് ) | ₹18,84,360(ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് | ₹2,17,000 | ₹15,00,000 |
| ബിൽ നമ്പർ / തീയതി | 227/15-02-2022 | 202/28-01-2022 |

വിവിധ ഘടക സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ സ്ഥാപിക്കുന്നതിനായും,കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷനു വേണ്ടിയും കേരള വാട്ടർ സപ്ലൈ ഡിവിഷൻ തളിപ്പറമ്പിന്റെ 67338447404 അക്കൗണ്ടിലേക്ക് ₹ ₹2,17,000 യും ₹15,00,000യും യഥാക്രമം നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് ഹാജരാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയഓഡിറ്റ് എൻക്വയറിയ്ക്ക് (15/11.1.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

## 1-23 കമ്പ്യൂട്ടർ അറ്റകുറ്റപണി,സർവ്വർ, ഹൈമാസ്റ്റ് ലൈറ്റുകൾക്ക് A M C വെക്കൽ -തുക മുൻകൂറായി നൽകി

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | |
| പ്രോജക്ടിന്റെ നമ്പർ / പേര് | 44/22 പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അറ്റകുറ്റപണിയ്ക്ക് A M C വെക്കൽ | 171/22 പഞ്ചായത്ത് ഓഫീസിലെ സർവ്വറിന് A M C വെക്കൽ | 21/22 ഹൈമാസ്റ്റ് ലൈറ്റുകളുടെ A M C വെക്കൽ |
| അടങ്കൽ | ₹50,000 വികസന ഫണ്ട് - പൊതു വിഭാഗം 25,000-(തനത് ) | 35,000വികസന ഫണ്ട് - പൊതു വിഭാഗം | 2,00,000- വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹ 31,565 | ₹23,777 | ₹1,76,542 |
| ബിൽ നമ്പർ / തീയതി | 10/09-07-2021 | 22/20.9.21 | 27/11/11/21 |

1- പഞ്ചായത്ത് ഓഫീസിലെ, 6 കമ്പ്യൂട്ടറിനും , ഒരു ക്ലയന്റ് കമ്പ്യൂട്ടറിനും അറ്റകുറ്റപണിയ്ക്കും , ഒരു വർഷത്തേയ്ക്ക് A M C

വെക്കുന്നതിനുമായി ഡോക്യുമെന്റേഷൻ ചാർജ്ജ് ജി എസ് ടി ഉൾപ്പെടെ ₹ 31,565 കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട്. കരാർ കാലാവധി 13.7.21 മുതൽ 12.7.22 വരെയാണ് . എന്നാൽ തുക മൊത്തം നൽകിയിട്ടുണ്ട്.

2-പഞ്ചായത്ത് ഓഫീസിലെ സർവ്വറിന് ഒരു വർഷത്തേയ്ക്ക് A M C വെക്കുന്നതിനായി ഡോക്യുമെന്റേഷൻ ചാർജ് , ജി എസ് ടി ഉൾപ്പെടെ ₹23,777 കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട് . കെൽട്രോൺ , പഞ്ചായത്തുമായി വച്ച കരാർ ഹാജരാക്കിയിട്ടില്ല .

3- ബ്ലാത്തൂർ,പടിയൂർ ഹൈമാസ്റ്റ് വിളക്കുകളുടെ എ എം സി കരാർ കാലാവധി 9.12.2018ൽ അവസാനിച്ചതിനാൽ ഒരു വർഷത്തെയ്ക്ക് എ എം സി വെക്കാൻ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിന് മേൽ തുക മുൻകൂറായി നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (പി)177/2006 തീയതി 12.4.2006 ഖ-6.1 ൽ മുൻകൂർ പിൻവലിക്കൽ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി തുക പിൻവലിക്കാൻ പാടില്ല എന്നും, എന്നാൽ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിക്കുന്ന മുൻകൂറുകൾക്കും, വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും മറ്റും അനുവദിക്കാവുന്നതാണ് എന്ന്-ഖ-6.2 ൽ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ A M C വെക്കൽ പദ്ധതിയ്ക്ക് തുക ആനുപാതികമായി നൽകാതെ, മുൻകൂറായി ഒറ്റതവണയായി നൽകിയതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/13 /1/23) ഓഫീസിലെ കമ്പ്യൂട്ടറുകളുടെയും, സർവ്വറിന്റേയും മെയിന്റനൻസ് അനിവാര്യമായതിനാലും, തെരുവ് വിളക്ക് കാര്യക്ഷമമാക്കുക എന്ന അനിവാര്യചുമതല നിറവേറ്റുക എന്ന ഉദ്ദേശത്തോടെയും കെൽട്രോൺ സർക്കാർ സ്ഥാപനമായതിനാലുമാണ് തുക ഒറ്റ തവണയായി നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഭാവിയിൽ സർക്കാർ ഉത്തരവ് അനുശാസിക്കും പ്രകാരം പദ്ധതി നിർവ്വഹണം നടത്തേണ്ടതും പഞ്ചായത്ത് ഓഫീസിലെ സർവ്വറിന് എ എം സി വെക്കൽ പ്രോജക്ടിന്റെ കരാർ ഹാജരാക്കേണ്ടതുമാണ് .

## 1-24 തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക് മാർക്ക് ഹോണറേറിയം 1,26,615 രൂപ തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക് മാർക്ക് ഹോണറേറിയം നൽകിയ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 04/2015 മുതൽ 03/2022 വരെ 1,26,615 രൂപ കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്ന് തിരികെ ലഭിക്കാൻ ബാക്കിയുണ്ട്. ആയത് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സാക്ഷരത -തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം / പേര് | 6/22- അതുല്യം തുടർസാക്ഷരത പരിപാടി |
| അടങ്കൽ | 90,000 (വികസന ഫണ്ട്പൊതു വിഭാഗം) |
| ചെലവ് | ₹84,062 |
| ബിൽ നം &തീയതി | ₹35,962 - 45/28.2.22<br>₹10,600 – 55/22.3.22<br>₹37,500 – 54/22.3.22 |

പത്താം തരം,പ്ലസ് വൺ, എന്നീ തുല്യത കോഴ്സുകൾക്കുള്ള കോഴ്സ് ഫീ,രജിസ്ട്രേഷൻ ഫീ,എന്നിവയ്ക്കായി ₹48,100 (10,600+37,500) കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി ഡയറക്ടർക്ക് നൽകിയിട്ടുണ്ട് .

| | |
|---|---|
| പത്താം തരം | ഹയർ സെക്കണ്ടറി |

| | |
|---|---|
| 20 പഠിതാക്കൾ -(ജനറൽ)<br>പരീക്ഷാ ഫീസ് @1850 -37,000 | 4 പഠിതാക്കൾ -(ജനറൽ)<br>പരീക്ഷാ ഫീസ് @2,500 -10,000 |
| എസ് സി /എസ് ടി രജിസ്ട്രേഷൻ<br>ഫീ @100 -500 | എസ് സി /എസ് ടി രജിസ്ട്രേഷൻ<br>ഫീ @200 -600 |

പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും, പഠിതാക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല . സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (16/11.1.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്

## 1-26 ടേക്ക് എ ബ്രേയ്ക്ക് - പൊതു ശൗചാലയം നിർമ്മാണം 11,93,029 രൂപ ചെലവഴിച്ചിട്ടും ലക്ഷ്യം നേടിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ പേര് | 140/22പടിയൂർ ടൗണിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണം |
| അടങ്കൽ ₹20,00,000 | ₹10,00,000 ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>₹ 10,00,000 സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് | ₹11,93,029 |
| ബിൽ / വൗച്ചർ നമ്പർ തീയതി തുക | 153/21-12-2021 - ₹4,34,367<br>352/30-03-2022 - ₹5,65,633<br>22101338/31-03-2022 -₹1,93,029 |
| കരാറുകാരൻ | ശ്രീ ദിനേശൻ.പി .കെ |

കേരളത്തിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്യുന്ന സ്ത്രീകൾ, കുട്ടികൾ, പുരുഷൻമാർ എന്നിവർക്ക് യാത്രാമധ്യേ ഉപയോഗിക്കാവുന്ന പൊതു ശൗചാലയങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണ് ടേക്ക് എ ബ്രേയ്ക്ക് . ഇതിന്റെ ഭാഗമായി പടിയൂർ ടൗണിൽ പൊതു ടോയ്‌ലറ്റ് നിർമ്മിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സർക്കാർ ഉദ്ദേശിച്ച തരത്തിൽ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൊതു ശൗചാലയം തുറന്ന് കൊടുത്തിട്ടില്ല.

2- ജി ഒ (ആർടി ) 1401/2020/ത.സ്വ.ഭ.വ തീയതി 27-07-2020 ൽ നിർദ്ദേശിച്ച പ്രകാരം പരിപാലന ചുമതല കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകിയിട്ടില്ല.

3- മാനേജ്മെന്റ് ഫീ നിശ്ചയിച്ചിട്ടില്ല.

4- യൂസർഫീ നിശ്ചയിച്ചിട്ടില്ല.

5- പരസ്യ ബോർഡുകൾ സ്ഥാപിച്ച് അധിക വരുമാന ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

6- ശുചിമുറി ശുചീകരണത്തിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതും ജി ഒ (ആർടി ) 1401/2020/ത.സ്വ.ഭ.വ തീയതി 27-07-2020 ൽ നിർദ്ദേശിച്ച പ്രകാരം പരിപാലനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

II- പടിയൂർ ടൗണിൽ പൊതു ടോയ് ലറ്റ് നിർമ്മാണം ആകെ പ്രവൃത്തിമൂല്യത്തേക്കാൾ 8856 രൂപ അധികം ചെലവഴിച്ചു.

മേൽ പ്രോജക്ടിന്റെ ആകെ പ്രവൃത്തിമൂല്യം ജി.എസ്.ടി ഉൾപ്പടെ 11,84,473 രൂപയാണ്. എന്നാൽ 11,93,029 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കാരണം 8556 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക റീടെൻഷൻ ഇനത്തിൽ കരാറുകാരന് നൽകാനുള്ള തുകയായി പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിക്കാവുന്നത് | അനുവദിച്ചത് | | | ആകെ (3+4+5) | വ്യത്യാസം (2-6) |
|---|---|---|---|---|---|---|
| | | 153/ | 352/ | 22101338/ | | |

| | | | | | | |
|---|---|---|---|---|---|---|
| | | 21-12-2021 ₹4,34,367 | 30-03-2022 ₹5,65,633 | 31-03-2022 ₹1,93,029 | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| ആകെ പ്രവൃത്തി മൂല്യം | 1057565 | | | | | |
| + ജി എസ് ടി | 126908 | | | | | |
| ആകെ | 1184473 | | | | | |
| (-) ആദായ നികുതി | 10576 | 3791 | 6687 | 0 | 10478 | 98 |
| (-) നിർമ്മാണ തൊഴിലാളി വിഹിതം | 10576 | 3791 | 6687 | 0 | 10478 | 98 |
| ജി എസ് ടി | 21151 | 7582 | 13374 | 0 | 20956 | 195 |
| റീടെൻഷൻ | 0 | 9722 | 0 | 0 | 9722 | |
| കരാറുകാരൻ | 1142170 | 409481 | 538885 | 1,93,029 | 1141395 | 775 |

ബിൽ തയ്യാറാക്കിയതിലെ അപാകങ്ങൾ കാരണം ആദായ നികുതി, നിർമ്മാണ തൊഴിലാളി വിഹിതം, ജി എസ് ടി എന്നീയിനങ്ങളിൽ യഥാക്രമം 98, 98, 195 രൂപയുടെ കുറവ് വന്നിട്ടുണ്ട്. കരാറുകാരന് 775 രൂപയുടെ കുറവ് വന്നിട്ടുണ്ടെങ്കിലും റീടെൻഷൻ ഇനത്തിൽ ഈടാക്കിയ 9722 രൂപ കരാറുകാരന് നൽകാനുള്ളതായാണ് വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/13-01-2023) റീടെൻഷൻ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്ന് തിരിച്ചെടുക്കാതെ പ്രവൃത്തിയുടെ തുകയിൽ നിന്ന് ചെലവഴിച്ചതിനാലാണ് അധികം നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. റീടെൻഷൻ തുകയിൽ നിന്ന് കുറവ് വന്ന തുകകൾ ക്രമീകരിച്ച് അവശേഷിക്കുന്ന തുക ₹8,556 കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-27 ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ-GST -T D S ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 124/22 ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | ₹6,00,000 (മറ്റുള്ളവ) |
| ചെലവ് | ₹ 5,23,202 |
| ബിൽ നമ്പർ / തീയതി | ₹432178- 22100270/2.7.21<br>₹28,124 -22100380/25.8.21<br>₹62,900 -22100525/6.10.21 |

ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ പദ്ധതിയ്ക്കായി തൻവർഷം₹5,23,202 ചെലവഴിച്ചിട്ടുണ്ട്. (വാഹന വില – ₹ 4,32,178,ബോഡി വർക്ക് - ₹62,900&ഇൻഷുറൻസ്, പെയിന്റിംഗ് മുതലായവ-₹28,124) ജെം മുഖേനയാണ് വാഹനം വാങ്ങിച്ചിരിയ്ക്കുന്നത്. വാഹന വിലയുടെ ജി എസ് ടി,ഫ്രൈറ്റ് ചാർജ്ജ് ₹45580 ഉൾപ്പെടെ ₹4,32,178 മാരുതി സുസുക്കി

,ഇൻഡ്യ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം ബില്ലിൽ നിന്നും ജി എസ് ടി കുറച്ച തുകയുടെ 2% (1%+1%) തുക TDS ആയി കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം TDS കുറവ് ചെയ്യാതെയാണ് മാരുതി സുസുക്കി ,ഇൻഡ്യ ലിമിറ്റഡ്,തുക നൽകിയിട്ടുള്ളത്.₹ 4,32,178 യിൽ നിന്നും ഫ്രൈറ്റ് ചാർജ്ജ് കുറച്ചതുകയുടെ 2% തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/12.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്റ്റ് നമ്പർ | 34/22 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ<br>ആകെ | ₹525000 വികസനഫണ്ട് പൊതുവിഭാഗം<br>₹525000 മറ്റുള്ളവ<br>₹1050000 |
| ചെലവ് തുക/ബിൽ നം/തീയതി | ₹525000 , 3/8.11.2021 |

കന്നുകുട്ടികൾ ഉള്ള 42 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്റ്റ് . ഇതിനായി 525000 /- രൂപ(ഒരു ഗുണഭോക്താവിന് 12500 രൂപ നിരക്കിൽ) എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്റ്റിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് പുലിക്കാട് ക്ഷീരോൽപ്പാദക സഹകരണസംഘത്തിൽ നിന്നാണ്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള എസ്.എൽ.ബി.പി എൻറോൾമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കൾ കൃത്യമായി ആനുകൂല്യം കൈപ്പറ്റുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രോജക്റ്റ് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-29 ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ അപാകങ്ങൾ

2021-22 വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്റ്റ്നം/ പേര് | 50/22 ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ. |
| അടങ്കൽ | ₹500,000 ( വികസന ഫണ്ട് ജനറൽ )<br>₹170000ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹77000ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹500,000 ( വികസന ഫണ്ട് ജനറൽ )<br>₹170000ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹77000ജില്ല പഞ്ചായത്ത് വിഹിതം |

2021-22 സാമ്പത്തിക വർഷത്തിൽ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്ന മേൽ പ്രോജക്റ്റ് പ്രകാരം, പഞ്ചായത്ത് പരിധിയിലെ പടിയൂർ, കല്ലുവയൽ , കല്യാട് , തിരൂർ, പയ്യാവൂർ, ഉളിക്കൽ, കുട്ടുമുഖം എന്നീ - ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

1. പദ്ധതി കാലയളവിലെ 2021ഏപ്രിൽ മുതൽ 2021സെപ്റ്റംബർ വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. 10/21 മുതൽ 03/22 വരെ മാസങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്കു കൂടി സബ്സിഡി നൽകുവാൻ മതിയായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ല.

2. ലഭ്യമാക്കിയ ഫയൽ പ്രകാരം ക്ഷീര സംഘങ്ങളിലെ സെക്രട്ടറിമാർ നൽകിയ ലിസ്റ്റ്, പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ നടത്താതെയാണ് നിർവ്വഹണോദ്യോഗസ്ഥൻ തുക അനുവദിച്ചിരിക്കുന്നത്. മുകളിൽ കൊടുത്ത അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 25/13-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ അപാകങ്ങൾ

2020-21 വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ, പടിയൂർ കല്യാട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ, |
| പ്രോജക്ട് നം / പേര് | 168/22(S/O)ക്ഷീരസഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി നൽകൽ. |
| അടങ്കൽ | ₹350000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹350000 ജില്ലാ പഞ്ചായത്ത് വിഹിതം |

2020-21 സാമ്പത്തിക വർഷത്തിൽ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം, പഞ്ചായത്ത് പരിധിയിലെ പടിയൂർ, കല്ലുവയൽ , കല്യാട് , തിരൂർ, പയ്യാവൂർ, ഉളിക്കൽ, കൂട്ടുമുഖം എന്നീ - ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി കാലയളവിലെ 2020ഏപ്രിൽ മുതൽ 2020 നവംബർ വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. 12/20മുതൽ 03/21 വരെയുള്ള മാസങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്കു കൂടി സബ്സിഡി നൽകുവാൻ മതിയായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ല.

2. ലഭ്യമാക്കിയ ഫയൽ പ്രകാരം ക്ഷീര സംഘങ്ങളിലെ സെക്രട്ടറിമാർ നൽകിയ ലിസ്റ്റ്, പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ നടത്താതെയാണ് നിർവ്വഹണോദ്യോഗസ്ഥൻ തുക അനുവദിച്ചിരിക്കുന്നത്. മുകളിൽ കൊടുത്ത അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 26/13-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സാന്ത്വനപരിചരണം ₹71,900യുടെ മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 74/22 |
| പ്രോജക്ടിന്റെ പേര് | സാന്ത്വനപരിചരണം |
| അടങ്കൽ | ₹650000വികസനഫണ്ട് പൊതുവിഭാഗം<br>₹650000 ജില്ലാപഞ്ചായത്ത് വിഹിതം |
| ആകെ | ₹1300000 |
| ചെലവ് തുക | ₹ 548067വികസനഫണ്ട് പൊതുവിഭാഗം<br>₹299882ജില്ലാപഞ്ചായത്ത് വിഹിതം |

| | |
|---|---|
| ബിൽ നം &തീയതി | 40/16.8.2021 – ₹1,58,288<br>94/26.10.2021 – ₹ 74,860<br>149/17.12.2021 – ₹75,310<br>235/17.2.2022- ₹1,98,429<br>257/8.3.2022 – ₹41,180 |
| വൗച്ചർ നം &തീയതി | 5245025 /21.3.2022 - ₹11,937<br>22101211/11.3.2022- ₹2,88,045 |
| ആകെ | ₹848049 |

സാന്ത്വനപരിചരണം എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി ₹288045 ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും (വൗച്ചർനം 22101211/11/3/2022) മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയിസ് നം /തീയതി ,തുക | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|
| PRF 6643/07.03.2022, 288045 | 3891/07.06.2022 | 51340 |
| | 2594/20.05.2022 | 36237 |
| | 2171/16.05.2022 | 14853 |
| | 2165/16.05.2022 | 55269 |
| | 22468/09.01.2023 | 8694 |
| | 22044/05.01.2023 | 14737 |
| | 16642/09.11.2022 | 3680 |
| | 20290/16.12.2022 | 1614 |
| | 15309/29.10.2022 | 22750 |
| | 14039/17.10.2022 | 4775 |
| | 14021/17.10.2022 | 2196 |
| | ആകെ | 216145 |

ബാക്കി ₹71900യുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/11.01.2023) മറുപടിയായി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഒറിജിനൽ ഇൻവോയിസ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 എസ് റ്റി ബദൽ സ്കൂളിന് ഫർണിച്ചർ വാങ്ങൽ പദ്ധതി അപാകങ്ങൾ-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം / പേര് | S/O 142/22 എസ് റ്റി ബദൽ സ്കൂളിന് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 150,000 ( വികസന ഫണ്ട് ടി എസ് പി ) |
| ചെലവ് | 148268 ( വികസന ഫണ്ട് ടി എസ് പി ) |

| | |
|---|---|
| ബിൽ നം &തീയതി | 21190552010800222394<br>Dt 21.07.2021 |
| Inv നം &തീയതി | RUB/RHW/21/94 / 02.06.2021 Rs. 148268 |

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന എസ് റ്റി ബദൽ സ്കൂളിന് റബ്കോ കേരളയിൽ നിന്നും 30 വുഡൻ ചെയർ വിത്ത് ആം, 1 ഷെൽഫ് എന്നിവ മേൽ പറഞ്ഞ ബിൽ പ്രകാരം തൻ വർഷം വാങ്ങിച്ച നൽകിയിട്ടുണ്ട് .ഏകാധ്യാപക വിദ്യാലയങ്ങൾ എന്നറിയപ്പെടുന്ന എം. ജി.എൽ.സി (മൾട്ടി ഗ്രേഡ് ലേണിങ് സെന്റർ) സ്കൂളുകൾ 2022 ഏപ്രിൽ 1 പ്രാബല്യത്തിൽ നിർത്തലാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ബദൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കാതെ പോകുമെന്നും മുഴുവൻ സ്കൂകളും അടച്ചിടണമെന്നും കാട്ടിയാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഇതിനായി ഉത്തരവിറക്കിയത്. എം.ജി.എൽ.സികളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ തൊട്ടടുത്തുള്ള വിദ്യാലയങ്ങളിൽ ചേർക്കുകയോ ഹോസ്റ്റൽ സൗകര്യമുള്ള സമീപ പ്രദേശങ്ങളിലെ സ്കൂളുകളിലേക്ക് മാറ്റുകയോ അല്ലെങ്കിൽ മതിയായ വാഹന സൗകര്യമേർപ്പെടുത്തി കുട്ടികളെ സ്കൂളുകളിലെത്തിക്കുകയോ ചെയ്യണമെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. ആയതിനാൽ പഞ്ചായത്തിൽ പ്രവർത്തിച്ചു വന്നിരുന്ന ബദൽ സ്കൂളിന്റെ നിലവിലെ അവസ്ഥയും ബദൽ സ്കൂളിന് വാങ്ങിച്ച നൽകിയ ഫർണിച്ചറുകൾ നിലവിൽ ഉപയോഗപ്പെടുത്താത്ത അവസ്ഥ ഉണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ 28/13-01-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ബദൽ സ്കൂളിന്റെ നിലവിലെ അവസ്ഥയും സ്കൂൾ പ്രവൃത്തിക്കുന്നില്ലെങ്കിൽ ഈ പദ്ധതിക്കായി വാങ്ങിയ ഫർണ്ണിച്ചറുകളുടെ മേൽനോട്ടച്ചുമതലയും ഓഡിറ്റിൽ വ്യക്തമാക്കേണ്ടതാണ്.

## 1-33 പട്ടിക ജാതി / വർഗ്ഗ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം – അപാകങ്ങൾ.₹ 80,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ 46/22 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് കായിക പരിശീലനം, 47/22 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം എന്നീ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് | അസിസ്റ്റന്റ് സെക്രട്ടറി, പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നം / പേര് | 46/22 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് കായിക പരിശീലനം | 47/22 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം |
| അടങ്കൽ | 30,000 (വികസന ഫണ്ട് എസ് സി പി ) | 50000 (വികസന ഫണ്ട് ടി എസ് പി ) |
| ചെലവ് | 30,000 (വികസന ഫണ്ട് എസ് സി പി) | 50000 (വികസന ഫണ്ട് ടി എസ് പി ) |
| ബിൽ നം &തീയതി | 21190552010801296192<br>Dt 10.03.2022 | 21190552010801296204<br>Dt 10.03.2022 |

പട്ടിക ജാതി/വർഗ്ഗ കുട്ടികൾക്ക് അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബാൾ എന്നിവയിൽ പരിശീലനം നൽകുവാനും അംഗീകൃത പരിശീലകനുള്ള വേതനം, കുട്ടികൾക്ക് യൂണിഫോം, ഭക്ഷണ ചെലവുകൾ നൽകുവാനും വിഭാവനം ചെയ്താണ് പദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി മേൽപ്പറഞ്ഞ ബിൽ പ്രകാരം ട്രഷറിയിൽ നിന്നും തുക പിൻവലിച്ച താഴെ പറയുന്ന ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്

| | | |
|---|---|---|
| | പ്രോജക്ട് നമ്പർ | പ്രോജക്ട് നമ്പർ |

| | 46/22 | | 47/22 | |
|---|---|---|---|---|
| ഇനം | ചെലവ് | തുക നൽകിയത് | ചെലവ് | തുക നൽകിയത് |
| ജേഴ്സി വാങ്ങിയ വകയിൽ | 5500 | പ്രവീൺ പി കെ | 12300 | പ്രവീൺ പി കെ |
| കായിക പരിശീലകന് പ്രതിഫലം നൽകിയ വകയിൽ | 18000 | സ്റ്റീഫൻ മാത്യു | 30000 | സ്റ്റീഫൻ മാത്യു |
| റിഫ്രഷ്മെന്റ് ചാർജ് | 6500 | അബ്ദുൽ റഹ്മാൻ | 7700 | അബ്ദുൽ റഹ്മാൻ |

മേൽ പദ്ധതികളുടെ നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| അപാകങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | 46/22 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് കായിക പരിശീലനം | 47/22 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം |
| 1 | പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികൾക്ക് 01.01.2022 മുതൽ 12.01.2022 വരെ 12 ദിവസംകായിക പരിശീലനം നൽകിയതായി അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് . ഇതിനുള്ള പ്രതിഫലമായി ശ്രീ സ്റ്റീഫൻ മാത്യു എന്ന കായിക പരിശീലകന് പ്രതിദിനം 1500 രൂപ എന്ന നിരക്കിൽ 12 ദിവസത്തേക്ക് ആകെ 18000രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ജേഴ്സി വാങ്ങിക്കുവാനും, റിഫ്രഷ്മെന്റ് സേവനങ്ങൾ നൽകുവാനും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ കായിക പരിശീലകനെ തെരഞ്ഞെടുക്കുവാൻ പഞ്ചായത്ത് സ്വീകരിച്ച സെലക്ഷൻ നടപടി ക്രമങ്ങൾ ( പരസ്യം, അപേക്ഷ, ഇന്റർവ്യൂ , മാർക്ക് തുടങ്ങിയവ)വ്യക്തമല്ല. സ്പോർട്സ് കൗൺസിൽ അവരുടെ പരിശീലകർക്ക് നൽകി വരുന്ന പ്രതിദിന പ്രതിഫലം 750 രൂപയാണ് എന്നിരിക്കെ സ്പോർട്സ് കൗൺസിൽ നിന്നും വിവരം ആരായാതെ പ്രതിഫലം നിശ്ചയിച്ചത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കേണ്ടതാണ്. | പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട 14 കുട്ടികൾക്ക് 13.01.2022മുതൽ 01.02.2022 വരെ 20 ദിവസം കായിക പരിശീലനം നൽകിയതായി അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് . ഇതിനുള്ള പ്രതിഫലമായി ശ്രീ സ്റ്റീഫൻ മാത്യു എന്ന കായിക പരിശീലകന് പ്രതിദിനം 1500 രൂപ എന്ന നിരക്കിൽ 20 ദിവസത്തേക്ക് ആകെ 30000 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ജേഴ്സി വാങ്ങിക്കുവാനും, റിഫ്രഷ്മെന്റ് സേവനങ്ങൾ നൽകുവാനും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ കായിക പരിശീലകനെ തെരഞ്ഞെടുക്കുവാൻ പഞ്ചായത്ത് സ്വീകരിച്ച സെലക്ഷൻ നടപടി ക്രമങ്ങൾ (പരസ്യം, അപേക്ഷ, ഇന്റർവ്യൂ, മാർക്ക് തുടങ്ങിയവ)വ്യക്തമല്ല. കായിക പരിശീലകന് പ്രതിദിനം 1500 രൂപ എന്ന നിരക്കിൽ ആണ് പ്രതിഫലം നൽകിയിട്ടുള്ളത്. ഇത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമല്ല. സ്പോർട്സ് കൗൺസിൽ അവരുടെ പരിശീലകർക്ക് നൽകി വരുന്ന പ്രതിദിന പ്രതിഫലം 750 രൂപയാണ് എന്നിരിക്കെ സ്പോർട്സ് കൗൺസിലിൽ നിന്നും വിവരം ആരായാതെ പ്രതിഫലം നിശ്ചയിച്ചത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കേണ്ടതാണ്. |
| 2 | ഏതൊക്കെ ഇനങ്ങളിൽ പരിശീലനം നൽകി എന്ന് വ്യക്തമല്ല. ലഭ്യമാക്കിയ ഫോട്ടോ പ്രകാരം 7 കുട്ടികൾക്ക് വോളിബാൾ പരിശീലനം മാത്രമേ നൽകിയതായി കാണുന്നുള്ളൂ. വോളിബാൾ ടീം സ്പോർട്സ് ആയതിനാൽ തന്നെ 12 കുട്ടികൾ ഇല്ലാതെ പരിശീലനം നൽകിയതിന്റെ അടിസ്ഥാനം | ഏതൊക്കെ ഇനങ്ങളിൽ പരിശീലനം നൽകി എന്ന് വ്യക്തമല്ല. ലഭ്യമാക്കിയ ഫോട്ടോ പ്രകാരം വോളിബാൾ പരിശീലനം മാത്രമേ നൽകിയതായി കാണുന്നുള്ളൂ. |

| | | |
|---|---|---|
| | വ്യക്തമല്ല. | |
| 3 | പദ്ധതി പ്രകാരം പട്ടിക ജാതി കുട്ടികൾക്ക് അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബാൾ എന്നിവയിൽ പരിശീലനം നൽകുവാൻ ആണ് നിശ്ചയിച്ചിരുന്നത്. പദ്ധതി വിഭാവനം ചെയ്ത പ്രകാരം അത്‌ലറ്റിക്സ്, ഫുട്ബോൾ എന്നീ ഇനങ്ങളിൽ പരിശീലനം നൽകാതെ ഇരുന്നതിന്റെ കാരണം വ്യക്തമല്ല. | പദ്ധതി പ്രകാരം പട്ടിക ജാതി കുട്ടികൾക്ക് അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബാൾ എന്നിവയിൽ പരിശീലനം നൽകുവാൻ ആണ് നിശ്ചയിച്ചിരുന്നത്. പദ്ധതി വിഭാവനം ചെയ്ത പ്രകാരം അത്‌ലറ്റിക്സ്, ഫുട്ബോൾ എന്നീ ഇനങ്ങളിൽ പരിശീലനം നൽകാതെ ഇരുന്നതിന്റെ കാരണം വ്യക്തമല്ല. |

ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ 23/13-01-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ/ വിശദമായ മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ ₹80000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/ വിശദമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ലാപ് ടോപ്പ് വാങ്ങി നൽകൽ അപാകങ്ങൾ- ₹1,12,660യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം / പേര് | 36/22 പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ. |
| അടങ്കൽ | 120,000 ( വികസന ഫണ്ട് ടി എസ് പി ) |
| ചെലവ് | 1,12,660 |
| ബിൽ നം &തീയതി | 21190552010800406045//14.09.2021 |
| ഇൻവോയ്സ് നമ്പർ തീയതി | TVM/ITB/P1/RC/29351/20-21 / 11.09.2021 |

പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട 4 കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതിയ്ക്കായി 4 ലാപ്ടോപ്പുകൾ CPRCS മുഖേന

വാങ്ങിക്കുവാൻ വേണ്ടി ട്രഷറിയിൽ നിന്നും മേൽപ്പറഞ്ഞ ബിൽ പ്രകാരം തുക പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷന് 112660 രൂപ ( @ Rs. 28165 X 4 = 112660 ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ബിൽ പ്രകാരം തുക പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷന് 1,12,660 രൂപ മുൻകൂർ നൽകിയെങ്കിലും ഓഡിറ്റ് തീയതി വരെ ലാപ്പ്ടോപ്പ് CPRCS മുഖേന ലഭിച്ചിട്ടുള്ളതായി വ്യക്തമാക്കുന്ന GST ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമായിട്ടില്ല .

2) 01.01.2020 ലെ ഡിഎ1/363/2019/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മിഡ് ലെവൽ ലാപ്ടോപ് ആകണം വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങിക്കേണ്ടതാണെന്നും വില - ഉബുണ്ടു അധിഷ്ഠിതമായതിന് 22,895/- രൂപയും വിൻഡോസ് അധിഷ്ഠിതമായതിന് 27,722/-രൂപയും ആണെന്നും നിജപ്പെടുത്തിയിരുന്നു . CPRCS മുഖേന ലാപ് ടോപ് ലഭിക്കുവാൻ ഒരു മാസത്തിൽ അധികം കാലതാമസം വരുന്ന അവസരത്തിൽ ജി ഒ(ആർടി)നം 482/2022/LSGD Dt 28.2.2022 പ്രകാരം ലാപ്പ്ടോപ്പുകൾ ജെം പോർട്ടൽ മുഖേന വാങ്ങിക്കാവുന്നതാണ്. ഉത്തരവിന്റെ അനുബന്ധമായി വാങ്ങിക്കേണ്ട ലാപ്പ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ, തരം എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ 24/13-01-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ/ വിശദമായ മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ ₹1,12,600യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/ വിശദമായ മറുപടി എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 മഞ്ചേരി എസ് ടി കോളനി കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം / പേര് | S/O 148/22 മഞ്ചേരി എസ് ടി കോളനി കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ : | ₹100000 ( വികസന ഫണ്ട് ടി എസ് പി ) |
| ചെലവ് : | ₹93735 |
| ബിൽ നം &തീയതി | 21190552010800829458 //22.12.2021 Rs. 93735 |
| കരാറുകാരൻ | മൻസൂർ കെ ഇരിക്കൂർ |

മഞ്ചേരി കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ പദ്ധതി പ്രകാരം നിലവിൽ ഉണ്ടായിരുന്ന മോട്ടോർ മാറ്റി 5 HP പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. ഉപയോഗിച്ചുകൊണ്ടിരുന്ന പഴയ മോട്ടോർ കരാറുകാരൻ പഞ്ചായത്തിൽ തിരിച്ച് ഏൽപ്പിച്ചതായി വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ ലേലം ചെയ്തു വിൽപ്പന നടത്തുവാൻ നടപടികൾ സ്വീകരിച്ചതായി വിവരം ലഭ്യമല്ല. ആയതിന്റെ മൂല്യം കണക്കാക്കി ലേലം ചെയ്തു വിൽപ്പന നടത്താൻ നടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/13-01-2023) മൂല്യം കണക്കാക്കി ലേലം ചെയ്തു വിൽപ്പന നടത്താൻ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-36 ചടച്ചിക്കണ്ടം കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം / പേര് | S/O 147/22 ചടച്ചിക്കണ്ടം കോളനി കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ : 100250 | ₹50,250 ( വികസന ഫണ്ട് ടി എസ് പി )<br>₹50000 ( ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് : 92669 | ₹42669 ( വികസന ഫണ്ട് ടി എസ് പി )<br>₹50000 ( ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ബിൽ നം &തീയതി | 2119055201080092147I //11.01.2022 Rs. 42669<br>21190552010800921482//11.01.2022 Rs. 50000 |
| കരാറുകാരൻ | സിജു സി കെ |

ചടച്ചിക്കണ്ടം കുടിവെള്ള പദ്ധതി പുതിയ മോട്ടോർ പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കൽ പദ്ധതി പ്രകാരം നിലവിൽ ഉണ്ടായിരുന്ന മോട്ടർ മാറ്റി 5 HP പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗിച്ചുകൊണ്ടിരുന്ന പഴയ മോട്ടോർ കരാറുകാരൻ പഞ്ചായത്തിൽ തിരിച്ചു ഏൽപ്പിച്ചതായി വിവരം ഫയലിൽ ലഭ്യമല്ല. മോട്ടോർ തിരികെ വാങ്ങിയതിന്റേയും അതിന്റെ മൂല്യം കണക്കാക്കി ലേലം ചെയ്തു വിൽപ്പന നടത്തിയതിന്റേയും വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 27/13-01-2023 മോട്ടോർ തിരികെ വാങ്ങി സൂക്ഷിച്ചിട്ടുണ്ട് എന്നും അതിന്റെ മൂല്യം കണക്കാക്കി ലേലം ചെയ്തു വിൽപ്പന നടത്താൻ നടപടി സ്വീകരിക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത് ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ കാരണം അധികം നൽകിയ 1495 രൂപ തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നമ്പർ തീയതി തുക 22100532/07-10-2021 ₹212983

(1) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. സുരേഷ് കെ കെ സീനിയർ ക്ലർക്കിന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ 04/2019 ൽ ആർജിതാവധി സറണ്ടർചെയ്തതിന് അർഹതയുള്ള ക്ഷാമബത്ത 23% അനുവദിക്കുന്നതിന് പകരം 28% അനുവദിച്ചത് കാരണം 1495 രൂപ അധികം നൽകിയിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| അനുവദിക്കാവുന്നത്. | | | | അനുവദിച്ചത് | | | | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| Pay | D A | HRA | Total | Pay | D A | HRA | Total | |
| 29900 | 6877 | 1250 | 38027 | 29900 | 8372 | 1250 | 39522 | |
| 29900 | 5980 | 1250 | 37130 | 29900 | 5980 | 1250 | 37130 | |
| | | | 897 | | | | 2392 | 1495(2392-897) |

1495 രൂപ അധികം നൽകിയതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/11-01-2023)മറുപടിയായി തുക ഈടാക്കി ഒടുക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 അപകടകരമായ മരംമുറിച്ച് മാറ്റൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് - ₹2,000 നിരാകരിക്കുന്നു

വൗച്ചർ നമ്പർ തീയതി തുക 22100167/02-06-2021 ₹2,000

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതലുകളും വേലികളും വൃക്ഷങ്ങളും വെട്ടിയൊതുക്കലും (1)(എ) പ്രകാരം ഏതെങ്കിലും വൃക്ഷമോ, വൃക്ഷത്തിന്റെ ഏതെങ്കിലും ശാഖയോ ഭാഗമോ ഏതെങ്കിലും വൃക്ഷത്തിന്റെ കായ്കളോ വീഴാനും തൻമൂലം ഏതെങ്കിലും ആൾക്കോ, ഏതെങ്കിലും എടുപ്പിനോ കൃഷിക്കോ ആപത്തുണ്ടാകാനും ഇടയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് കരുതുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് അതിൽ നിന്ന് ഏതെങ്കിലും അപകടം ഉണ്ടാകുന്നത് തടയുന്നതിലേക്കായി നോട്ടീസ് മൂലം ആ വൃക്ഷത്തിന്റെ ഉടമസ്ഥനോട് ആ വൃക്ഷം ഉറപ്പിച്ചുനിർത്തുകയോ ഛേദിക്കുകയോ, വെട്ടിക്കളയുകയോ ചെയ്യുന്നതിന് ആവശ്യപ്പെടാവുന്നതാണ്. അപകടം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് താല്കാലിക നടപടികൾ സ്വീകരിക്കാവുന്നതും ഇപ്രകാരം ചെലവാകുന്ന തുക വൃക്ഷത്തിന്റെ ഉടമസ്ഥനിൽ നിന്ന് ഈടാക്കാവുന്നതുമാണ്. എന്നാൽ മേരി ഏട്ടിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വീടിന് ഭീഷിണി ആയ എം.വി സരസ്വതി മാവില ഹൗസ്, പടിയൂർ എന്നവരുടെ ഉടമസ്ഥതയിലെ പറമ്പിലെ മരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് 2000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് കാരണവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/11-01-2023) ചെലവ് തുക ഈടാക്കുന്നതിന് 31-05-2021 ന് ബി 3-261/21 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല. തുക ഒടുക്കാത്തതിന് യാതൊരു തുടർനടപടിയും പഞ്ചായത്തിന്റെ ഭാഗത്ത്നിന്ന് ഉണ്ടായിട്ടില്ല. ചെലവ് തുക₹2000 ബന്ധപ്പെട്ട കക്ഷിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 12.01.2023 | കെ.എസ്.എ/കെ.എൻ.ആർ/സി3/47/2023 തീയതി – 29-03-2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്& നം . | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 199000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നമ്പർ 95/22 | 199000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 499428 | അങ്കണവാടി പോഷകാഹാരം-നമ്പർ 93/22 | 499428 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 426249 | എസ്.ടി ബദൽ സ്കൂളിൽ ഇന്റർലോക്ക് സ്ഥാപിക്കലും കിണർ പൂർത്തീകരണവും-നമ്പർ 162/22 | 426249 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 170000 | ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി- നമ്പർ 50/22 | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 802000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി- നമ്പർ 56/22 | 802000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1310000 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം- നമ്പർ 51/22 - | 1310000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി- നമ്പർ 95/22 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 299982 | സാന്ത്വന പരിചരണം-74/22 | 299982 | 0 |
| ജില്ലാ പഞ്ചായത്ത് | 18400 | ബയോ ഫ്ലോക്ക് മത്സ്യകൃഷി-188/22 | 18400 | 0 |
| ജില്ലാ പഞ്ചായത്ത് | 40000 | ലൈഫ് ഭവന പദ്ധതി , പട്ടികവർഗ്ഗം- നമ്പർ 152/22 - | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 1280000 | ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം- നമ്പർ 155/22 - | 1280000 | 0 |
| ജില്ലാ പഞ്ചായത്ത് | 1770667 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി-നമ്പർ 56/22 | 1770667 | 0 |
| ജില്ലാ പഞ്ചായത്ത് | 3020000 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം-നം. 51/22 | 3020000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | നം 151/22 - ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 77000 | നം 50/22 - ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 77000 | 0 |
| ജില്ലാ പഞ്ചായത്ത് | 350000 | നം 168/22 - ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | 46868 | നം 169/22 - വീട്ടുവളപ്പിൽ മത്സ്യകൃഷി | 46868 | 0 |
| ജില്ലാ പഞ്ചായത്ത് | 16400 | നം 187/22 - വീട്ടുവളപ്പിൽ മത്സ്യകൃഷി | 16400 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം. 109/22 - കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 202 Dt.28/01/2022 | 1500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1500000 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം. 108/22 - വിവിധ ഘടക സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ | 227Dt.15/02/2022 | 217000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 217000 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രൊജക്ട് നം. 107/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 129 Dt.23/11/2021 | 168858 | 168858 | 0 |
| | | 301 Dt.19/03/2022 | 39530 | 39530 | |
| | | 121/17-11-2021 | 630132 | 630132 | |
| | | 135 Dt.27/11/2021 | 314470 | 314470 | |
| കെ.എസ്.ഇ.ബി | പ്രൊജക്ട് നം.221/22 പഞ്ചായത്തിലെ എസ് ടി കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ- | 320/21.3.2022 | 293584 | 293584 | 0 |
| കെ.എസ്.ഇ.ബി | പ്രൊജക്ട് നം.220/22 പഞ്ചായത്തിലെ എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 315/22.3.2022 | 238558 | 238558 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻ വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായ തുക | ഒടുക്കിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹഡ്കോ വായ്പ 34/18 | 17202574 | | 15354573 | 924000 | 14430573 |

| | | | | | |
|---|---|---|---|---|---|
| Dt: 16.03.2018 | | | | | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 10000 |

മലബാർ കോ ഓപ്പറേറ്റീവ് ഡവലപ്മെന്റ് സൊസൈറ്റിയുടെ B- Class Share No. 123 Certificate No. 4443/13/2005)

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ & തീയ്യതി |
|---|---|---|---|---|
| 2019-20 | 1-15-1 | 600 | അക്ഷയകേന്ദ്രം ബ്ലാത്തൂർ | 121020101391/ 12.10.2021 |
| 2019-20 | 1-15-1 | 900 | അക്ഷയകേന്ദ്രം ബ്ലാത്തൂർ | 121020101392 / 12.10.2021 |
| 2019-20 | 1-15-1 | 1200 | മോഡേൺ സ്റ്റോൺ ക്രഷർ | 121020101389/ 12.10.2021 |
| 2019-20 | 1-15-1 | 1250 | മോഡേൺ സ്റ്റോൺ ക്രഷർ | 121020101390/ 12.10.2021 |
| 2019-20 | 1-15-2 | 2500 | ശശിധരൻ എം PWD Contractor | 121020104877 / 03.03.2021 |
| 2019-20 | 1-15-2 | 10350 | ഹെഡ്മിസ്ട്രസ് SNAUPS പടിയൂർ | 121020101631 /09.11.2021 |

| | | | | |
|---|---|---|---|---|
| 2019-20 | 1-16-2 | 3000 | ഷംസീർ കെ വി | 121020103430 /31.12.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-2015 | 3-1 | 2016-2017 | | വസ്തുനികുതി | നിലനിൽക്കുന്നു. |
| 2015-2016 | 2-1 | 2016-2017 | | വസ്തുനികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,74,40,594.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,43,04,531.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,495 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,92,660 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-17 | | 1,495 | ശ്രീ.സുരേഷ് ബാബു.കെ (സെക്രട്ടറി ) |
| 1-18 | | 2,000 | ശ്രീ.സുരേഷ് ബാബു.കെ (സെക്രട്ടറി ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 80,000 | ശ്രീ.അജയകുമാർ.ജി (അസിസ്റ്റന്റ് സെക്രട്ടറി ) |

| | | |
|---|---|---|
| 1-34 | 1,12,660 | ശ്രീ.കെ.രാജൻ (അസിസ്റ്റന്റ് സെക്രട്ടറി ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സുരേഷ് ബാബു.കെ (സെക്രട്ടറി) | സെക്രട്ടറി, പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്ത് | ചാന്ദിനി,പയഞ്ചേരി,ഇരിട്ടി |
| ശ്രീ.അജയകുമാർ.ജി (അസിസ്റ്റന്റ് സെക്രട്ടറി ) | അസിസ്റ്റന്റ് സെക്രട്ടറി , ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് | മങ്ങലാട്ട്,കരിമ്പം (പി ഒ)670142 |
| ശ്രീ.കെ.രാജൻ (അസിസ്റ്റന്റ് സെക്രട്ടറി ) | അസിസ്റ്റന്റ് സെക്രട്ടറി , ഓച്ചിറ ഗ്രാമ പഞ്ചായത്ത് | കൃഷ്ണ ഭവനം,സൗത്ത് ഈസ്റ്റ് താഴെ , എസ് ആർ പി എം (പി.ഒ) കരുനാഗപ്പള്ളി, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | നം. കെ.എസ്.എ.കെ. എൻ.ആർ .സി3/1394/2022 തീയതി, 12.10.2022 | 13 |

| | | |
|---|---|---|
| 2004-2005 | നം. കെ.എസ്.എ.കെ. എൻ.ആർ .സി13/1394/2022 തീയതി, 12.10.2022 | 2 |
| 2005-06 | നം. കെ.എസ്.എ.കെ. എൻ.ആർ .സി13/1394/2022 തീയതി, 12.10.2022 | 1 |
| 2009-10,2010-11,2011-12 | നം. കെ.എസ്.എ.കെ. എൻ.ആർ .സി13/1394/2022 തീയതി, 12.10.2022 | 9 |
| 2012-13,2013-14 | നം. കെ.എസ്.എ.കെ. എൻ.ആർ .സി13/1394/2022 തീയതി, 12.10.2022 | 2 |
| 2016-17 | നം. കെ.എസ്.എ.കെ. എൻ.ആർ .സി13/1394/2022 തീയതി, 12.10.2022 | 1 |
| 2017-18 | നം. കെ.എസ്.എ.കെ. എൻ.ആർ .സി13/1394/2022 തീയതി, 12.10.2022 | 1 |
| 2019-20 | നം. കെ.എസ്.എ.കെ. എൻ.ആർ .സി14/1104 /2021 തീയതി, തീയതി-3.12.2021 | 34 |
| 2020-21 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 13/818/2022 തീയതി 15.6.2022 | 28 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Padiyoor Kalliad Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19525247.00 |
| Cash | Cash | RP-40(a) | 22378.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 680050.00 |
| 140000000 | Fees & User Charges | RP-4 | 622642.00 |
| 150000000 | Sale & Hire Charges | RP-5 | 392494.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51424427.00 |
| 171000000 | Interest Earned | RP-9 | 443066.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14162925.00 |
| 350000000 | Other Liabilities | RP-36 | 2121969.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 385.00 |
| 311000000 | Earmarked Funds | RP-29 | 416.00 |
| 340000000 | Deposits Received | RP-34 | 37348.00 |
| 350000000 | Other Liabilities | RP-36 | 203066.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7351806.00 |
| | Grand total | | 96988219.00 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3871632.00 |
| 220000000 | Administrative Expenses | RP-12 | 924986.00 |
| 230000000 | Operations & Maintenance | RP-13 | 1256378.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5366674.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27316226.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2384252.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 195653.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 297960.00 |
| 255000000 | Maintenance Projects | RP-20 | 8189648.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | -8438.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1597285.00 |
| 350000000 | Other Liabilities | RP-36 | 6165892.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 8666.00 |
| 280000000 | Prior Period Item | RP-26 | -8050.00 |
| 340000000 | Deposits Received | RP-34 | 500.00 |
| 350000000 | Other Liabilities | RP-36 | 3475930.00 |
| 410000000 | Fixed Assets | RP-38 | 3584645.00 |
| 412000000 | Capital work in Progress | RP-40 | 484367.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3604275.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 5586050.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 22590302.00 |
| Cash | Cash | RP-40(b) | 93386.00 |
| | Grand Total | | 96988219.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡ്ച്ചർ സ്റ്റേറ്റ്മെന്റ്

| Padiyoor Kalliad Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4153550.00 |
| 140000000 | Fee & User Charges | I-4(b) | 859542.00 |
| 150000000 | Sale & Hire Charges | I-5(b) | 392494.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 202631705.00 |
| 171000000 | Interest Earned | I-8 | 443066.00 |
| 180000000 | Other Income | I-9 | 49385.00 |
| | Total Income | | 208529742.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13303843.00 |
| 220000000 | Administrative Expenses | I-11(b) | 947111.00 |
| 230000000 | Operations & Maintenance | I-12(b) | 1256378.00 |
| 240000000 | Interest & Finance Charges | I-13 | 8666.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6666674.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 69332340.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2384252.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 195653.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 53385060.00 |
| 255000000 | Maintenance Projects | I-14(e) | 8189648.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 272000000 | Depreciation | I-17(a) | 9779902.00 |
| | Total Expenditure | | 165459527.00 |
| | Gross Surplus/ Deficit of income over Expenditure | | 43070215.00 |
| 280000000 | Prior Period Item | I-18 | -39621.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 43109836.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

Padiyoor Kalliad Grama Panchayat BALANCE SHEET
As on 31-03-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 50022186.80 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 14539.00 |
| 312000000 | Reserves | B-3 | 59370926.00 |
| | Total Reserve & Surplus | | 109407651.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9825022.00 |
| | Total Grants, Contributions for Specific Purposes | | 9825022.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 14430573.00 |
| | Total Loans | | 14430573.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 330883.00 |
| 350000000 | Other Liabilities | B-9 | 3179931.10 |
| | Total Current Liabilities and Provisions | | 3510814.10 |
| | TOTAL LIABILITIES | | 137174060.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 139076074.00 |
| 411000000 | Accumulated Depreciation | B-11 | -46550146.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 92525928.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| | Total Investments | | 10000.00 |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5090723.90 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 22683688.00 |
| 460000000 | Loans, Advances and Deposits | B-18 | 16863721.00 |
| | Total Current Assets, Loans and Advances | | 44638132.90 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 137174060.90 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.